Santhigiri

# ഉമ്മിണിതങ്കം

VOL 05 | ISSUE 33 | 2019 ആഗസ്റ്റ് 18 | 1195 ചിങ്ങം 2

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"നമ്മുടെ ജീവനിലെ കുറവ് നികത്തിക്കൊണ്ട് ജീവിതം മുഴുവൻ പ്രവർത്തിക്കാനുള്ള അർപ്പണബുദ്ധിയും അറിവുമാണ് വേണ്ടത് . "



'നവപൂജിതം' ആഘോഷത്തോടനുബന്ധിച്ചുള്ള 21 ദിവസത്തെ പ്രത്യേക പ്രാർത്ഥന

ഫോട്ടോ : അരുൺ വിശ്വം

# 'നവപൂജിതം-93' വ്രതസങ്കല്പങ്ങൾക്ക് ധന്യതയാർന്ന തുടക്കം

**സ്പിരിച്വൽ സോൺ:** സെപ്റ്റംബർ 3ന് സമാഗതമാകുന്ന ഗുരുവിന്റെ 93-ാം ജന്മദിനപൂജിത സമർപ്പണാഘോഷം 'നവപൂജിത'ത്തോടനുബന്ധിച്ചുള്ള 21 ദിവസത്തെ വ്രത സങ്കല്പങ്ങൾ ആഗസ്റ്റ് 14 പൗർണ്ണമി ദിനത്തിൽ ആരംഭിച്ചു. വൈകുന്നേരം ആരാധനയ്ക്കു ശേഷം അഭിവന്ദ്യ ശിഷ്യപൂജിത സഹകരണമന്ദിരത്തിൽ വച്ച് പരമ്പരയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും സങ്കല്പം അറിയിക്കുകയും ചെയ്തു. ആശ്രമത്തിലും ബ്രാഞ്ചുകളിലും രാവിലെ 6 മണിയുടെ ആരാധനയ്ക്കു ശേഷം പ്രാർത്ഥനയും പുഷ്പസമർപ്പണവും നടന്നു വരുന്നു. നവപൂജിതം പരിപാടികളുടെ ക്ഷണപത്രിക ആഗസ്റ്റ് 17ന് ഗുരുവിന് സമർപ്പിച്ചു. നവപൂജിതം ആഘോഷങ്ങളോടനുബന്ധിച്ചുള്ള ആലോചനായോഗം ആഗസ്റ്റ് 20 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ചേരും.

## സങ്കൽപം

**"നമ്മുടെ കർമ്മഗതിയിൽപ്പെട്ടതും ജീവനിലുള്ളതും രാജ്യത്തോടെയുള്ളതും ലോകത്തിന്റെയും ദോഷം മാറി, എന്തു കെടുതിയാണോ ഈ നാട്ടിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നത് അത് മാറ്റി, ദൈവമായിട്ട്, ഗുരുവായിട്ട് എന്തു നന്മയാണോ തന്ന് രക്ഷിക്കണേ ഗുരുവേ...അപ്പാ..."**




## സമ്പൂർണ്ണ ഗുരുവാണി, 'നവപൂജിതം' പതിപ്പ് പ്രകാശനം സെപ്റ്റംബർ 3ന്

**സ്പിരിച്വൽ സോൺ :** നവപൂജിതത്തോടനുബന്ധിച്ച് ആശ്രമം കമ്മ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കുന്ന സമ്പൂർണ്ണ ഗുരുവാണി, ശാന്തിഗിരി ആദ്ധ്യാത്മിക മാസിക നവപൂജിതം വിശേഷാൽ പതിപ്പ് എന്നിവ സെപ്റ്റംബർ 3ന് പ്രകാശനം ചെയ്യും. മുൻകൂർ ബുക്ക് ചെയ്യുന്നവർക്ക് സമ്പൂർണ്ണ ഗുരുവാണി അന്നേ ദിവസം 500 രൂപയ്ക്ക് കിട്ടും. ബുക്കിംഗിനും കോപ്പികൾക്കുമായി പബ്ലിക്കേഷൻ കൗണ്ടറിൽ ബന്ധപ്പെടാവുന്നതാണ്.

# 'നവപൂജിതം' വിളംബരസമ്മേളനം ആഗസ്റ്റ് 24ന് തെലങ്കാന സ്പീക്കർ പി.ശ്രീനിവാസ് റെഡ്ഡി ഉദ്ഘാടനം ചെയ്യും

**സ്പിരിച്വൽ സോൺ :** 93-ാം നവപൂജിതം ആഘോഷങ്ങളുടെ വിളംബര സമ്മേളനം ആഗസ്റ്റ് 24ന് രാവിലെ 11 മണിക്ക് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ നടക്കും. തെലങ്കാന സ്പീക്കർ പി.ശ്രീനിവാസ് റെഡ്ഡി ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവർ പങ്കെടുക്കും. തെലങ്കാന മുൻ മന്ത്രിയായിരുന്ന പി.ശ്രീനിവാസ് റെഡ്ഡി 2019 ജനുവരിയിലാണ് സ്പീക്കറായി ചുമതല ഏറ്റെടുത്തത്. ആശ്രമം സ്പിരിച്വൽ സോണിലെത്തുന്ന അദ്ദേഹം താമര പർണ്ണശാലയിൽ പുഷ്പസമർപ്പണം നടത്തും.



പി.ശ്രീനിവാസ് റെഡ്ഡി

# മഴവെള്ളക്കെടുതി : സഹായഹസ്തവുമായി ശാന്തിഗിരി

**ഹെൽത്ത്കെയർ സോൺ :** സംസ്ഥാനം നേരിടുന്ന മഴവെള്ളക്കെടുതിയിൽ വലയുന്ന ജനങ്ങൾക്ക് വിവിധ സഹായങ്ങളെത്തിച്ച് ആശ്വാസം പകരാൻ ശാന്തിഗിരി ആശ്രമവും. ഹെൽത്ത്കെയർ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ശാന്തിഗിരി കെയർ സർവ്വീസസ് ഓഫീസിൽ നിന്നും സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ആശ്രമം നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരികയാണ്. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ചുമതലക്കാർ എല്ലാദിവസവും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കെയർസർവ്വീസസ് ഓഫീസിന് സമീപം ആരംഭിച്ച ദുരിതാശ്വാസ സഹായ സംഭരണ കേന്ദ്രത്തിലേക്ക് വിവിധ സ്ഥലങ്ങളിൽ നിന്നും അവശ്യസാധനങ്ങൾ എത്തിത്തുടങ്ങി.

കണ്ണൂർ, തലശ്ശേരി ഏരിയകളിൽ സ്വാമി മധുരനാദൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിക്കുകയും വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഇരിട്ടി വട്ടിയറ എൽ.പി.സ്കൂൾ, ഡോൺ ബോസ്കോ സ്കൂൾ, ചുണ്ടങ്ങപൊയിൽ സെൻട്രൽ സ്കൂൾ, മയ്യിൽ സ്കൂൾ, പായം എൽ.പി.സ്കൂൾ, പടന്നക്കര മാപ്പിള സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന ക്യാമ്പുകളിൽ സംഘം സന്ദർശിച്ചു. ഇരിക്കൂർ കമ്മ്യൂണിറ്റി ഹാൾ, അംഗനവാടി, പഞ്ചായത്ത് കാര്യാലയം, ജലനിധി ഓഫീസ് തുടങ്ങിയവ പ്രവർത്തകർ ശുചീകരിച്ചു.

പാലക്കാട് വടക്കാഞ്ചേരി വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക്കിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസക്യാമ്പ് സ്വാമി മധുശ്രീ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ സന്ദർശിച്ച് ക്യാമ്പിലേക്ക് ആവശ്യമുള്ള സാധനങ്ങൾ കൈമാറി. വടകര ഏരിയ പ്രവർത്തകർ അഴിക്കൂർ, പയ്യോളി വില്ലേജ് ഓഫീസർമാർക്ക് അവശ്യസാധനങ്ങൾ കൈമാറി. സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ പയ്യോളി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്ന ക്യാമ്പ് സന്ദർശിച്ചു. മലപ്പുറം തെയ്യാല ഗവ.എൽ.പി. സ്കൂളിൽ പ്രവർത്തിക്കുന്ന ക്യാമ്പിൽ സ്വാമി മനുചിത്ത് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ അവശ്യസാധനങ്ങൾ നൽകി. കൊല്ലത്ത് കോർഡിനേറ്റർ ഇ.ഒ.ബാബുവിന്റെ നേതൃത്വത്തിൽ സമാഹരിച്ച ഉൽപ്പന്നങ്ങൾ ജില്ലാ വെള്ളപ്പൊക്ക

(ശേഷം 3-ാം പേജിൽ)

# ഗുരുവാണി

ഈ അന്തരീക്ഷം ശുദ്ധമായതു കൊണ്ട് വേണ്ടാത്ത സ്വഭാവത്തിൽ ആർക്കും കയറി വരാൻ കഴിയുകയില്ല. അങ്ങനെയുള്ളവർക്ക് ഇവിടെ നിൽക്കാൻ കഴിയാത്തൊരു ചുറ്റുപാടാണിവിടെയുള്ളത്. നിങ്ങൾക്കു കിട്ടുന്ന സമയം എന്തു ചെയ്യണം, എങ്ങനെ പ്രയോജനപ്പെടുത്തണം എന്നേ നിങ്ങൾ ചിന്തിക്കേണ്ടതുള്ളൂ. ചെയ്യുന്നതിനും ചിന്തിക്കുന്നതിനും ഫലം സിദ്ധിക്കും. കാശുവരവ് കുറവായിരിക്കാം, ഐശ്വര്യം കൂടുതലാണ്.

ലോകത്തിന്നു കാണുന്ന ബഹളക്കോമരങ്ങൾ സ്വയം നശിക്കണം. അതുകൊണ്ടേ നാം തൃപ്തിപ്പെടൂ; അതാണു നമ്മുടെ ലക്ഷ്യം. നിങ്ങളിൽ രണ്ടോ നാലോ പേർ ഇറങ്ങി പ്രവർത്തിച്ചാൽ മതി – ഈ ബഹളങ്ങളൊക്കെ നശിച്ച്, ഭൗതികവും ആത്മീയവുമായ സുഭിക്ഷത നാട്ടിൽ ശക്തിപ്പെടും. അവിടെയാണ് ദൈവം തന്ന നമ്മുടെ ആശയത്തിന്റെ നിലനിൽപ്. ഏതു പ്രവൃത്തി ചെയ്യുമ്പോഴും നിങ്ങളുടെ സങ്കൽപം ഇതായിരിക്കണം – ഈ ആശയം ലോകത്തോടെ നിലനിൽക്കണം, അതിൽക്കൂടി ലോകത്തിനു ശാശ്വതമായ ശാന്തിയും സമാധാനവും - പ്രവർത്തിക്കുമ്പോൾ ഞാനാണിതൊക്കെ ചെയ്തത്, വരുത്തിയത് എന്ന ഭാവം വരരുത്. അതു ദോഷം ചെയ്യും. ആരു കണ്ടാലെന്ത്? കണ്ടില്ലെങ്കിലെന്ത്? എന്തിനോ വേണ്ടി ചെയ്യുന്നു, ആരെയും കാണിക്കാനല്ല. ബുദ്ധിയിൽ വച്ചു ചിന്തിച്ചു നോക്കി വളരെ ശ്രദ്ധിച്ചു പ്രവർത്തിക്കണം. അങ്ങനെ വരുമ്പോൾ നല്ലതു നാമറിയാതെ തന്നെ പ്രവൃത്തിയിൽ വരും.

ഈ അന്തരീക്ഷം ഇപ്പോഴും എപ്പോഴും ശാന്തമായിരിക്കും, മഹിമാപൂർണമായിരിക്കും. അതിൽ നിന്നുടലെടുക്കുന്ന ചിന്താശീലം പ്രവൃത്തിയിലൂടെ ബലപ്പെട്ട് ഇളകി വിഷമിച്ച് അവസാനം നന്മ നിറഞ്ഞതാകും. നിങ്ങളിൽ ആര് എന്തു പ്രവൃത്തി എവിടെയിരുന്നു ചെയ്താലും ആ ചെയ്യുന്ന പ്രവൃത്തിയിൽ മുന്നിൽ വരാൻ എല്ലാവരും കൂടി സങ്കൽപിക്കണം. ആശ്രമത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നവർ പരസ്പരം അറിഞ്ഞ് സ്നേഹം പങ്കിടണം. അതാണ് യഥാർത്ഥമായ സ്നേഹം, യോഗ്യത.

കർമശേഷി ഒരവസ്ഥ നീങ്ങി ബലവത്തായ മറ്റൊരവസ്ഥയിൽ എത്തുന്നതിനിടയിൽ അനവധി തടസ്സങ്ങൾ വന്നു ചേരും. അവിടെ അഹങ്കാരലേശമില്ലാത്ത അർപ്പണപൂർവമായ കർമം ലക്ഷ്യത്തിലെത്തിക്കും. ഞാൻ ചെയ്യുന്ന വലുതും ചെറുതുമായ കർമം, ദൈവമേ ഫലപ്രദമാകണേ ഞാൻ എന്തെടുത്തു കൊടുത്താലും അതു ഫലിക്കണേ എന്ന സങ്കൽപം സദാ ഉണ്ടായിരിക്കണം. ഭക്തി വളർന്ന്, മനസ്സു നിറഞ്ഞ്, സങ്കൽപങ്ങൾ തോന്നുന്ന മുഹൂർത്തങ്ങൾ ചിലപ്പോൾ ഉണ്ടാകും. ആ സമയത്ത് ശക്തിയായി ചെയ്താൽ സകലദോഷങ്ങളും അറ്റുപോകും.

ബുദ്ധിയുള്ള മൂന്നു നാലു പേർ ചേർന്ന് ഇതെങ്ങനെ ലോകത്തു നടപ്പിൽ വരുത്താം എന്ന് ആലോചിച്ചു ചെയ്യണം. പ്രവർത്തിക്കുന്നവരും ദർശനമുള്ളവരും മുന്നിൽ വന്നു കാണാൻ എല്ലാവരും പ്രാർത്ഥിക്കുക. ഈ പരമ്പരയുടെ ഉന്നമനത്തിന് അതുമാത്രമേ ഉതകൂ. പരമ്പരയിലൂടെ രാജ്യം, പിന്നെ ലോകം. ഇതാണ് ഈ ആശയത്തിന്റെ വ്യാപനസ്വഭാവം. ഈ അന്ധത പിടിച്ച ജനങ്ങളിൽ എങ്ങനെ ഈശ്വരസ്നേഹം പകർത്താൻ കഴിയും? അതിനു മുമ്പ് ഈശ്വരഭജന ചെയ്താൽ, ഈശ്വര സ്നേഹമുണ്ടായാൽ അനന്തരഫലം എന്തായിരിക്കുമെന്നു ചിന്തിക്കണം. ഈശ്വരഭജന ചെയ്താൽ പൂർണമായ സുഖം വരുമെന്ന ധാരണ നമുക്കുണ്ട്. എന്നാൽ എനിക്കു പറയാനുള്ളത് ഇതിനു നേരേ വിപരീതമായ അനുഭവത്തെക്കുറിച്ചാണ്.

ഈ ശരീരം ദു:ഖകാരണമാണ്. ഈശ്വരഭജന ചെയ്യുന്നവർക്ക് തുടലുപോലെ ദു:ഖങ്ങൾ വന്നുചേർന്നുകൊണ്ടിരിക്കും. കാരണം കാലാകാലങ്ങളായി അനവധി ജന്മങ്ങളിലൂടെ നമ്മിൽ സ്ഥിതി ചെയ്യുന്ന വാസനകൾ ഓരോന്നോരോന്നായി അഴിയുകയാണ്. ഇടയ്ക്കിടയ്ക്കു സുഖവും വന്നു ചേരും. ആ സുഖത്തിനു തൂക്കം കൽപിക്കണം. അത് അഴിവില്ലാത്ത സുഖമാണ്. എന്നാൽ ഇതിലൊന്നും ശ്രദ്ധിക്കാതെ കണ്ടതിനൊത്തു ജീവിക്കുന്ന, അറിവുണ്ടെന്നു സ്വയം കരുതുകയും കരുതപ്പെടുകയും ചെയ്യുന്നവരുണ്ട്.

## വചനദീപ്തി

*മറ്റുള്ളവരുടെ പ്രശംസ ആഗ്രഹിക്കുകയോ കുറ്റപ്പെടുത്തലുകൾ വെറുക്കുകയോ ചെയ്യാതിരിക്കുക.*

**ഷിർദ്ദി സായിബാബ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

22.08.2019 – **സ്നേഹപുരം**

23.08.2019 – **ആനന്ദപുരം**

## യാമപ്രാർത്ഥന

2019 ആഗസ്റ്റ് 22 :– 9 AM- 12 PM

# ഗുരുശിഷ്യബന്ധത്തിന്റെ അനുഭവവശം

**പ്രകാശപഥം**

സാധാരണ ജീവിതം നയിക്കുന്ന ആണിനും പെണ്ണിനും പോലും ഉയർന്ന ആത്മീയാനുഭവങ്ങൾ കിട്ടുന്നത് ശാന്തിഗിരി ഗുരുപരമ്പരയിൽ നിറഞ്ഞുനിൽക്കുന്ന ദൈവകനിവിന്റെ നിദാനമാണ്. ഒരു പൂവുപോലും ഈ ജന്മത്തെടുത്ത് ഇടാതെ, നീണ്ട ആത്മീയതപസ്യയോ ത്യാഗമോ ഇല്ലാതെ, കൊടും താപസികൾക്കുപോലും അന്യമായ ആത്മീയാനുഭവങ്ങൾ വെറും സാധാരണക്കാരായ നിങ്ങൾക്കിവിടെ കിട്ടുകയാണ്. സ്പർശം, ദർശനം, വാക്ക് എന്നീ മാർഗങ്ങളിൽക്കൂടി ആണും പെണ്ണും വലുതും ചെറുതും ഭേദമില്ലാതെ, ജാതിമതവർഗ വ്യത്യാസമില്ലാതെ ഇത് അനുഭവിക്കുകയാണ്. ഇത് ജീവിതത്തിലെ ഏറ്റവും വിലയേറിയതായി കണ്ട് ആദരിച്ച് വേദനപ്പെട്ട് തന്റെ ജീവനും കുടുംബത്തിനും ഗോത്രത്തിനുംവരെ മോചനത്തിനുതകുന്നവയാണിതെന്നു നിങ്ങൾ അറിഞ്ഞുകൊള്ളണം. ജീവിതം കൊണ്ട്, സൂക്ഷിച്ചെടുക്കാൻ കഴിയണം എന്ന പ്രാർത്ഥനയും ഉറപ്പും ഓരോരുത്തർക്കും ഉണ്ടാകണം.

സാധാരണ കുടുംബജീവിതം നയിക്കുന്ന ഇവർ പ്രാർത്ഥിക്കുമ്പോഴും സങ്കല്പിക്കുമ്പോഴും ത്രിമൂർത്തിസമ്പ്രദായത്തിലും അതിനപ്പുറമുള്ള ആത്മീയാവസ്ഥയിലും നിൽക്കുന്ന ആരാധനാമൂർത്തികൾ പ്രത്യക്ഷത്തിൽ വന്ന് ഗുരുവിനെ നമസ്കരിക്കുകയും ഖേദപ്പെട്ട് പലതും പറയുകയും ചെയ്യുന്നത് കാണുകയും കേൾക്കുകയുമാണ്. ഇത് നിങ്ങൾ ഓരോരുത്തരും ആഴത്തിൽ ചിന്തിച്ചിട്ട് എന്തുപോലെ ഞാനിരിക്കണം, എങ്ങനെ ജീവിതം മുന്നോട്ടു കൊണ്ടുപോകണം എന്ന് സ്വയം തീരുമാനിക്കണം. കാരണം, വെറും ഭൗതികത്തിലിരിക്കുന്നവർക്കു തന്നെ തന്റെ ആത്മശാന്തിക്കുതകുന്ന വക ഗുരു കാണിച്ചുകൊടുക്കുകയാണ്. അങ്ങനെ വലിയ മഹത്തായ ഒരു പരമ്പരയുടെ അവകാശപ്പെട്ട ഒരു ജീവിതമാണ് നിങ്ങൾക്കു തന്നിരിക്കുന്നത്.

ഈ യാത്രയിൽ പങ്കെടുത്ത നമ്മൾ ഇതു മനസ്സിലാക്കിയിട്ട്, ഈ യാത്രയുടെ ഒരു സ്വഭാവം ഫലിച്ചിട്ടുണ്ടെന്നും അത് ലോകത്തിന്റെ നീചവൃത്തി മാറിയിട്ട് ഈ ലോകത്തിന് എന്തൊക്കെ നന്മയാണോ എന്റെ ഗുരു കൊടുക്കേണ്ടത് അത് കൊടുക്കണം എന്നും അതിന് എന്തെങ്കിലും എന്റെ ഈ ശരീരം കൊണ്ട് നന്മ ചെയ്യാൻ കഴിയണമേ എന്നും ശുദ്ധമായ ഭക്തിഭാവത്തിൽ ആഗ്രഹിച്ചു പ്രാർത്ഥിച്ച് പ്രവർത്തിച്ചെടുക്കണം. ജീവൻ ഈ ശരീരത്തിലിരിക്കുമ്പോഴേ എന്തെങ്കിലും നന്മ ചെയ്യാൻ കഴിയൂ.

മറ്റൊന്നും അറിയില്ലാത്ത ഞങ്ങൾക്ക് എന്റെ ഗുരു പകർന്നു തരുന്ന ആ ദീർഘദർശിവശത്ത് ഇപ്പോഴുള്ളതും കഴിഞ്ഞു പോയതും ഇനി വരാനിരിക്കുന്നതുമായ കാര്യം കാണാൻ കഴിയും. ഗുരുവുമായിട്ട് ഏതെങ്കിലും സ്വഭാവത്തിലുള്ള ജന്മാന്തരബന്ധം കൊണ്ടോ അല്ലെങ്കിൽ കനിവുകൊണ്ടോ അല്ലെങ്കിൽ അവന്റെ സങ്കല്പം കൊണ്ടോ അതുമല്ലെങ്കിൽ ഈശ്വരഭജന എത്തിച്ചിട്ട് അതിൽ നിന്ന് കിട്ടുന്ന പുണ്യം കൊണ്ടോ ഒക്കെയേ അങ്ങനെയുള്ള അനുഭവം വരികയുള്ളൂ. അവളിത്ര ചീത്തയായിട്ടല്ലേ ജീവിക്കുന്നത്, അവനിത്രയും ചീത്തയായിട്ടല്ലേ ജീവിക്കുന്നത്, ഇതിനു വേണ്ടി യാതൊരു വേലയും ചെയ്യാഞ്ഞിട്ടും പിന്നെ എന്തുകൊണ്ടാണ് അവർക്കൊക്കെ ഇതുകിട്ടുന്നതെന്ന് പലർക്കും തോന്നും. അതുകൊണ്ടാണ് ഈ അനുഭവവശം ആരും പരസ്പരം സംസാരിക്കരുതെന്ന് പറയുന്നത്.

അനുഭവവശം പതിനായിരക്കണക്കിനുണ്ട്. അതിൽ ഏതെങ്കിലും ഒരംശം മാത്രമേ സത്യമായി കാണൂ. അതിനെ തിരുത്തിയെടുക്കുന്ന ഗുരുശിഷ്യബന്ധത്തിന്റെ അനുഭവവശമാണ് നിങ്ങളിവിടെ കാണുന്നത്. തന്റെ ഗുരു ആരാണ്, ഇത്രയും മഹാഭാഗ്യം തന്നിട്ട് നീ എവിടെയാണ് നിന്റെ മനുഷ്യജീവിതം കൊണ്ട് എത്തിക്കുന്നത് – ഇത് ചിന്തിച്ച് ഓരോരുത്തരും വേണ്ടപോലെ പ്രവർത്തിച്ച് എടുത്തുകൊള്ളണം.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ശാന്തിഗിരിയിലെ ഗുരുപൂജ

ഗുരുപൂജ കഴിഞ്ഞ വീട്ടുകാർ നിർദ്ദിഷ്ടമായ പ്രാർത്ഥന വീടുകളിൽ ചെയ്യുക എന്ന കർമം കൊണ്ടു മാത്രം അവരുടെ കടമ നിറവേറ്റപ്പെടുന്നില്ല. ജീവിതത്തിന്റെ പ്രധാന കാര്യങ്ങൾക്കെല്ലാം ഗുരുവിന്റെ നിർദേശങ്ങൾ തേടിക്കൊള്ളേണ്ടതും അതു പ്രവർത്തിയാൽ പൂർത്തികരിക്കേണ്ടതുമാണ്. ഗുരുപൂജാവേളയിൽ നിർവഹിക്കപ്പെടുന്ന പിതൃശുദ്ധികർമത്തിന്റെ പ്രാധാന്യവും ദൂരവ്യാപക സ്വഭാവവും പരമ്പര വേണ്ടവിധം ഉൾക്കൊണ്ടിട്ടുണ്ടോ എന്ന് പലപ്പോഴും സംശയം തോന്നിയിട്ടുണ്ട്. ജന്മത്തിനായി മാറ്റിനിർത്തപ്പെട്ട പിതൃക്കൾക്കു ജനിക്കാൻ യോഗ്യതനേടിയ മാതാപിതാക്കൾ വേണം. അതിനു കർമശുദ്ധി പ്രാപിച്ച സന്താനങ്ങളെ വളർത്തിയെടുക്കേണ്ടതുണ്ട്.അവരിൽ കൂടിയാണ് പിതൃക്കൾക്കും അവരുടെ ആരാധനാമൂർത്തികൾക്കും നേർവഴി കാട്ടി അങ്ങനെ ജന്മവും മോചനവും മോക്ഷവും മുക്തിയും അതേത്തുടർന്നു നിൽക്കുന്ന വിധത്തിൽ ലഭ്യമാണ്. അതിനുള്ള ശുദ്ധി പ്രാപിക്കാതെ വീഴ്ച്ച വരുത്തിയാൽ പിതൃക്കൾ ശപിക്കുകയും തന്നിമിത്തം ദുർന്നിവാരമായ ദുരിതത്തിലേക്ക് ബന്ധപ്പെട്ട കുടുംബങ്ങൾ ആണ്ടുപോകയും ചെയ്യും. അങ്ങനെ സംഭവിക്കാതിരിക്കാനുള്ള കരുതൽ തീർച്ചയായും ഓരോ കുടുംബവും കൈക്കൊള്ളണം.

ഗുരു നിർദ്ദേശിക്കുന്ന വിവാഹബന്ധങ്ങൾ മാത്രമേ നടത്താൻ പാടുള്ളു എന്നതു പ്രത്യേകം ഓർക്കേണ്ടതുണ്ട്. കർമഗതി, കർമശേഷി, പുണ്യഭാഗ്യങ്ങൾ എന്നിവ വിലയിരുത്തി, ഭാവി മംഗളകരമാക്കാനും പരമ്പരയുടെ ലക്ഷ്യ പ്രാപ്തിക്ക് ഉതകുന്ന സന്താനപരമ്പരകളുടെ ജനനത്തിനും വേണ്ടിയാണ് ഈ കരുതൽ എടുക്കുന്നത്. സാമൂഹ്യം, വിദ്യാഭ്യാസപരം, സാമ്പത്തികം, ഉദ്യോഗനില എന്നീ ഉപാധികൾ മാത്രം നോക്കുകയും ജീവന്റെ പുണ്യഭാഗ്യങ്ങളോ, ദുരിത സാധ്യതകളോ പരിഗണിക്കാതിരിക്കുകയും ചെയ്യുന്ന സാധാരണ നാട്ടുനടപ്പനുസരിച്ച് വിവാഹങ്ങൾ ശാന്തിഗിരി പരമ്പരയ്ക്കു വിഹിതമല്ല. ഇതറിഞ്ഞു കൊണ്ടുതന്നെ സങ്കുചിത താത്പര്യങ്ങൾ ഒരുവശത്തും ഗുരുവിശ്വാസം മറുവശത്തും മുറുകെപ്പിടിച്ചുകൊണ്ട് വിവാഹകർമം നിർവഹിക്കുവാൻ വളരെയേറെ വിശ്വാസികൾ ശ്രമിക്കുന്നതു കാണുന്നുണ്ട്. അപ്രകാരം ചെയ്ത കുടുംബങ്ങൾക്കു നേരിട്ട ദുരിതാനുഭവങ്ങൾ ആപൽസൂചനപോലെ പരമ്പരയുടെ മുന്നിലുണ്ട്. എന്നാലും പാഠം ഉൾക്കൊള്ളാൻ മടിക്കുന്ന ബാലമനസ്സുകൾപോലെ ചഞ്ചലമായ മനോവൃത്തി മുതിർന്നവർ പുലർത്തുന്നതു ഖേദകരമെന്നേ പറയേണ്ടു. മറ്റു കാര്യങ്ങളൊക്കെ ബന്ധപ്പെട്ടവർ തമ്മിൽ പറഞ്ഞൊത്ത ശേഷം ഗുരുവിന്റെ അനുഗ്രഹം മാത്രം മതിയെന്നു പറയുന്നു ഒരു കൂട്ടർ. ചില നീക്കു പോക്കുകളോടെ ഗുരുനിർദ്ദേശം പാലിക്കുന്നവാൻ ശ്രമിക്കുന്നു മറ്റൊരു കൂട്ടർ. ഇനിയും ചാഞ്ചല്യം പല വിധത്തിൽ കാട്ടുന്ന വിശ്വാസികൾ വേറെയും. വിശ്വാസത്തിൽ ദൃഢതയുണ്ടെങ്കിൽ ഇപ്രകാരമുള്ള ചാഞ്ചല്യങ്ങൾ വരാനിടയില്ല. ഇക്കാര്യങ്ങൾ സൂക്ഷിച്ചു കരുതലെത്തു തീരുമാനങ്ങൾ കൈക്കൊണ്ടില്ലെങ്കിൽ അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങൾ ഭീമമാണെന്നറിഞ്ഞിട്ടും തെറ്റായവഴിക്കു നീങ്ങുന്നവരുടെ സംഖ്യ ഇപ്പോഴും കുറവല്ല എന്നതാണു ദു:ഖകരം. സമകാലികർക്കും ഭാവിതലമുറകൾക്കും ഉതകുന്ന നന്മ ഉറപ്പാക്കുകയാണു നമ്മുടെ ലക്ഷ്യം. അതിനായി ഗുരുനിർദ്ദേശങ്ങൾ നിർവിശങ്കം അനുസരിക്കേണ്ടതു വിശ്വാസികളുടെ കടമയാണ് എന്നകാര്യം ഒന്നുകൂടി ഓർമപ്പെടുത്തിക്കൊള്ളട്ടെ.

# വേൾഡ് മലയാളം ഷോർട്ട് ഫിലിം ഫെസ്റ്റിവൽ: ഇരട്ടി മധുരവുമായി ശാന്തിഗിരി വിദ്യാഭവൻ

**എജ്യൂക്കേഷൻ സോൺ :** ഗോൾഡൻ ടാലന്റ്, കേരളീയം, ഖത്തർ, സെൻട്രൽ ബോർഡ് ഓഫ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന വേൾഡ് മലയാളം ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ ഇരട്ടി മധുരവുമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ.



*വേൾഡ് മലയാളം ഷോർട്ട് ഫിലിം ഫെസ്റ്റിവൽ പുരസ്കാര ജേതാക്കൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയോടൊപ്പം*

കുട്ടികളുടെ വിഭാഗത്തിൽ മികച്ച സാമൂഹിക പ്രതിബദ്ധതയുള്ള ചിത്രത്തിനുള്ള പുരസ്കാരം 'കുറിച്ചിടാത്തൊരു കണക്ക് പുസ്തക'ത്തിന് ലഭിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ദേവസ്വം ബോർഡ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

ശാന്തിഗിരി വിദ്യാഭവൻ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി ആശംസകൾ അർപ്പിച്ചു. സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു. എം. ഗോപകുമാർ തിരക്കഥ എഴുതി ബിന്ദു നന്ദന ഗാനരചനയും സംവിധാനവും നിർവഹിച്ച ഈ ഹ്രസ്വചിത്രത്തിൽ അനന്ദു മുരളി, ആദർശ് ആർ., നന്ദന മനോജ്, ദേവിക ജി. എന്നിവരാണ് അഭിനയിച്ചിരിക്കുന്നത്. രാജേഷ് ആമ്പാടി സംഗീത സംവിധാനവും ദേവിക ജി. ആലാപനവും നിർവഹിച്ചു. സംഘമിത്രൻ കെ. ഛായാഗ്രഹണവും അഭിലാഷ് ഉണ്ണി എഡിറ്റിംഗും നിർവ്വഹിച്ചിരിക്കുന്നു.

ബിന്ദു നന്ദന ഗാനരചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്ന 'പ്രകാശത്തിന്റെ കനൽവഴികൾ' മികച്ച എഡിറ്റിംഗിനുള്ള പുരസ്കാരം നേടി. പരിസ്ഥിതി സംരക്ഷണ സന്ദേശം പകരുന്ന ഈ ഹ്രസ്വചിത്രത്തിൽ അഭിനന്ദന എ.ഡി., നന്മപ്രിയ ആർ.എസ്, സ്നേഹ മോഹൻ, ജനമിത്ര, ബിസ്ന ബി.ടി. എന്നീ വിദ്യാർത്ഥികളാണ് അഭിനയിച്ചിരിക്കുന്നത്.

# മഴവെള്ളക്കെടുതി : സഹായഹസ്തവുമായി ശാന്തിഗിരി

*(1-ാം പേജ് തുടർച്ച)*

ദുരിതാശ്വാസ കേന്ദ്രത്തിൽ കളക്ടർ ബി.അബ്ദുൾ നാസറിന് കൈമാറി. കെ.സോമപ്രസാദ് എം.പി. സന്നിഹിതനായിരുന്നു.

കോഴിക്കോട് കോർഡിനേറ്റർ ജി.ഹരികൃഷ്ണന്റെ നേതൃത്വത്തിൽ എകരൂൽ, കുന്ദമംഗലം, ചാലിൽത്താഴം, പറമ്പിൽക്കടവ്, തലയാട് ക്യാമ്പുകൾ സന്ദർശിച്ച് സഹായം വിതരണം ചെയ്തു. ദുരന്ത ബാധിതരുടെ പത്ത് വീടുകൾ പ്രവർത്തകർ ശുചീകരിച്ചു.

ഹരിപ്പാട് ഏരിയയിലെ ഗുരുകാന്തി കുട്ടികൾ ഓണാഘോഷത്തിനായി മാറ്റിവച്ച തുക സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വിയുടെ സാന്നിദ്ധ്യത്തിൽ ദുരിതാശ്വാസത്തിനായി ജില്ലാ കളക്ടർ ഡോ.ആദില അബ്ദുള്ളയ്ക്ക് കൈമാറി. കുട്ടികളുടെ നല്ല മനസ്സിനെ അഭിനന്ദിച്ച കളക്ടർ തന്റെ ഔദ്യോഗിക ഫെയ്സ്ബുക്കിലൂടെ ഈ വിവരം അറിയിക്കുകയും ചെയ്തു. വിവിധ ഏരിയകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

## ദിവംഗതരായി

**പാറശ്ശാല :** ആദ്യകാല ഗുരുഭക്തനും നെയ്യാറ്റിൻകര വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം ഏരിയ കമ്മിറ്റി അസിസ്റ്റന്റ് ജനറൽ കൺവീനറുമായ പാറശ്ശാല അയിര ശാന്തിഭവനിൽ കെ.വേലപ്പൻ (82) ആഗസ്റ്റ് 10ന് ദിവംഗതനായി. സംസ്കാരം നടന്നു. ആശ്രമം ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ ഡിവിഷൻ കോർഡിനേറ്റർ കെ.ബിജുവിന്റെ അമ്മാവനാണ്. ഭാര്യ:സരസ്വതിഭായി. മക്കൾ: ശ്രീദേവി എസ്.വി. (ശാന്തിഗിരി ഷോപ്പിംഗ്മാൾ), ശ്രീജയ എസ്.വി., ജയദേവ് എസ്.വി. (ശാന്തിഗിരി ഭഗിനി നികേതൻ). മരുമക്കൾ: രാജ് കുമാർ എസ്., സന്തോഷ്കുമാർ എസ്., സോണി ആർ.



*കെ.വേലപ്പൻ*

**കൊല്ലം:** ആദ്യകാല ഗുരുഭക്തയായ കൊല്ലം ഇരവിപുരം കുന്നത്ത് അഴിയത്ത് വീട്ടിൽ നളിനി ജി. (90) ആഗസ്റ്റ് 14ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ്: ദിവംഗതനായ ഭരതൻ പി.കെ. മക്കൾ : സേതുഭായി എൻ., രവികുമാർ ബി., ബാഹുലേയൻ ബി. (സ്പിരിചൽ സോൺ, ജനറൽ അഡ്മിനിസ്ട്രേഷൻ, ശാന്തിഗിരി), വിനോദ് ബി., പ്രശാന്ത് ബി., ദിവംഗതരായ വിജയധരൻ ബി., മുരളീധരൻ ബി., രാജൻ ബി., സാബു ബി. മരുമക്കൾ : സുശീല, ബേബി, സുമ എൻ. (ശാന്തിഗിരി ഹെർബൽ സോപ്സ്), മാലതി, സിന്ധു റ്റി.റ്റി. (ശാന്തിഗിരി വിദ്യാഭവൻ), ഗീത, സിന്ധു.



*നളിനി ജി.*

# നളന്ദ അന്താരാഷ്ട്ര കോൺഫറൻസിൽ ഡോ.കെ.ഗോപിനാഥൻ പിള്ള പങ്കെടുത്തു

**നളന്ദ :** ബീഹാറിലെ നളന്ദ യൂണിവേഴ്സിറ്റിയിൽ വച്ച് ജൂലൈ 26ന് നടന്ന അന്താരാഷ്ട്ര കോൺഫറൻസിൽ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സീനിയർ ഫെലോ ഡോ.കെ. ഗോപിനാഥൻ പിള്ള പങ്കെടുത്തു. 'മോക്ഷം നവജ്യോതി ശ്രീകരുണാകരഗുരുവിന്റെ ദർശനത്തിന്റെ അടിസ്ഥാനത്തിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംസാരിച്ച ഡോ.ഗോപിനാഥൻ പിള്ള നടത്തിയ ഇന്ത്യൻ ആത്മീയതയുടെ അടിസ്ഥാനം കാലഗണനയാണെന്നും 25 ചതുർയുഗങ്ങൾക്കു മുമ്പ് യുഗധർമ്മത്തിൽവന്ന പിഴവിനു ശേഷം ഇന്നോളം ഒരു മഹാത്മാവും പൂർണ്ണമായ മോക്ഷം പ്രാപിച്ചിട്ടില്ല എന്നുള്ള സത്യം ഗുരുവിൽക്കൂടി വെളിപ്പെട്ട് കിട്ടുകയുണ്ടായി എന്ന പരാമർശം പലരിലും ആകാംക്ഷ ജനിപ്പിച്ചു. മോക്ഷത്തിലേക്കുള്ള പ്രയാണത്തിൽ സൂക്ഷ്മ ലോകത്തിലെ വ്യത്യസ്ത പടവുകൾ അടക്കിവാഴുന്ന അതിശക്തരായ അന്തര്യാമികളിൽ നിന്നും ഒരു ജീവാത്മാവിന് രക്ഷപ്പെടുക അതീവദുഷ്കരമാണെന്നും പൂർണ്ണനായ ഒരു ഗുരുവിന്റെ മാർഗ്ഗ ദർശനത്തിൽ കൂടിയേ പരബ്രഹ്മപ്രകാശത്തിൽ എത്താൻ കഴിയൂ എന്നുമുള്ള ഗുരുദർശനം അദ്ദേഹം എടുത്തു പറഞ്ഞു. നാലുകാലങ്ങളിൽ വച്ച് കലിയാണ് ഏറ്റവും ശ്രേഷ്ഠമെന്നും ഈ കാലത്തുമാത്രമേ മോക്ഷം സാധ്യമാകൂ എന്നു തുടങ്ങിയ ഗുരുവിന്റെ ആശയാവതരണം പലരിലും ജിജ്ഞാസ ഉളവാക്കി. വിവിധ രാഷ്ട്രങ്ങളിൽ നിന്നായി 400 പേർ ഈ കോൺഫറൻസിൽ സംബന്ധിച്ചു.




*നളന്ദ അന്താരാഷ്ട്ര കോൺഫറൻസിൽ ഡോ.കെ.ഗോപിനാഥൻ പിള്ള സംസാരിക്കുന്നു*

## സ്മരണാഞ്ജലി

**അകാലത്തിൽ പൊലിഞ്ഞു പോയ (15/08/2017) ഞങ്ങളുടെ**



**മനോജ് കുമാർ.എം**

**Adv. High Court, Choreographer, SANTHI MAHIMA Co-ordinator**

'ഗുരുനിധി' സ്നേഹപുരം-മൺവിളമുകൾ
കോലിയക്കോട്, തിരുവനന്തപുരം - 695607

മുരിങ്ങോടിത്തറ എടവനക്കാട്
വൈപ്പിൻ എറണാകുളം

അച്ഛൻ : എം.എ രാജപ്പൻ (Ex. BSNL)
അമ്മ : എ.എ കൗസല്യ(Ex. KAU)
അനുജൻ: എം. മഹേഷ്കുമാർ & ഐശ്വര്യ മഹേഷ്

ആത്മമിത്രങ്ങളും സഹപ്രവർത്തകരും

94475 25635 / 94475 30633


ഗുരുചരണം ശരണം

പ്രാർത്ഥനയോടെ

**ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല**

വള്ളക്കടവ്, തിരുവനന്തപുരം- 695 008

**എജന്റ് : മധുമോഹൻ എസ്. കെ.**

94447461625



ഗുരുചരണം ശരണം

**ഒന്നാം ജന്മദിനം**

**ഗുരുദത്ത് എൻ.എ.**

പ്രാർത്ഥനയോടെ
നിശ്ചിതൻ വി.എസ്.
അമൃത പി.ലാൽ

'ഗുരുവസന്തം'
മേലേമുക്ക്, പോത്തൻകോട്



# പ്രസ്ഥാനത്തിന്റെ അടിസ്ഥാനം യുവജനങ്ങൾ : സ്വാമി ചൈതന്യ ജ്ഞാനതപസ്വി

**സ്പിരിച്ചൽ സോൺ :** ഒരു മഹാത്മാവിന്റെ സാമീപ്യത്തിൽ താമസിക്കാനും പ്രവർത്തിക്കാനും അതിന്റെ കർമ്മങ്ങളിൽ പങ്കെടുക്കാനും കഴിയുക ഭാഗ്യമാണെന്നും ആ നിലയിൽ പ്രസ്ഥാനത്തിന്റെ അടിസ്ഥാനമാകേണ്ടത് യുവജനങ്ങളാണെന്നും ഗുരു ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിരുന്നത് ചെറുപ്പക്കാർക്കാണെന്നും ആശ്രമം ജനറൽ സെക്രട്ടറി സ്വാമിചൈതന്യ ജ്ഞാനതപസ്വി പറഞ്ഞു.

ആഗസ്റ്റ് 12ന് ശാന്തിമഹിമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു സ്വാമി. ജീവിതത്തിനുതകുന്നത് എന്താണോ അത് ആശ്രമത്തിൽ നിന്ന് നേടിയെടുക്കണം. ലഭിച്ച അവസരം പാഴാക്കാതെ ഗൗരവമായിട്ടുള്ള കാര്യങ്ങളിൽ ഏർപ്പെട്ട് പ്രവർത്തിക്കണം. ആ ഒരു ചിട്ട ഗുരുവിന്റെ മക്കളായ നമുക്കുണ്ടാകണം. നമ്മുടെ മനസ്സിന്റെ പോരായ്മ മാറ്റി ജീവിക്കണം. തുടർന്ന് സ്വാമി ഗുരുവിനെ കണ്ട അനുഭവം വിവരിച്ചു. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, മനോജ് കുമാർ സി.പി. എന്നിവർ സംസാരിച്ചു.



*ശാന്തിമഹിമ സത്സംഗത്തിന് സ്വാമി ചൈതന്യ ജ്ഞാനതപസ്വി തിരിതെളിയിക്കുന്നു*



*ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ ദുരിതാശ്വാസ സഹായം മേയർ വി.കെ പ്രശാന്തിന് കൈമാറുന്നു*



*ശാന്തിഗിരി ഹരിപ്പാട് ഏരിയ ഗുരുകാന്തി കുരുന്നുകൾ സമാഹരിച്ച തുക ദുരിതാശ്വാസ സഹായത്തിനായി ആലപ്പുഴ ജില്ലാ കളക്ടർ ഡോ.ആദില അബ്ദുള്ളയ്ക്ക് കൈമാറുന്നു*

# ദുരന്തഭൂമിയിൽ ആശ്വാസം പകരാൻ ശാന്തിഗിരി വിദ്യാഭവൻ

**എജ്യൂക്കേഷൻ സോൺ :** പ്രളയം ദുരിതം വിതച്ച വയനാട് ജില്ലയിലേക്ക് സാന്ത്വന സ്പർശവുമായി ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള സംഘം എത്തിച്ചേർന്നു. ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ നാഷണൽ സർവ്വീസ് സ്കീം, വിദ്യാർത്ഥികളുടെ സന്നദ്ധ സഹായ സംഘമായ കെയർ ഫോർ ലൈഫ് എന്നിവയുടെ നേതൃത്വത്തിൽ കുട്ടികളിൽനിന്നും ശേഖരിച്ച ആവശ്യ സാധനങ്ങളുമായാണ് വിദ്യാർഥികൾ വയനാട്ടിലെ ദുരിതാശ്വാസ ക്യാമ്പിൽ എത്തിയത്. സ്കൂൾ അധ്യാപകനായ സജീർ എ. യുടെ നേതൃത്വത്തിലാണ് വിദ്യാർഥികൾ ക്യാമ്പുകൾ സന്ദർശിച്ചത്.

ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും മരുന്നുകളും സംഭാവനയായി നൽകിക്കൊണ്ട് രക്ഷകർത്താക്കളും കുട്ടികളുടെ അയൽവാസികളും സമീപപ്രദേശത്തെ കടയുടമകളും മുന്നോട്ട് വന്നു സഹായിച്ചപ്പോൾ പ്രതീക്ഷയ്ക്കുപരി അവശ്യവസ്തുക്കൾ സമാഹരിക്കാൻ സാധിച്ച കുട്ടികൾ വയനാട് ക്യാമ്പുകളിലേക്ക് പോകാനുള്ള സന്നദ്ധത അറിയിച്ചതിനെ തുടർന്നാണ് സ്കൂൾ അധികൃതർ ഇതിനുള്ള സൗകര്യം ഒരുക്കിയത്. തങ്ങളുടെ വിദ്യാർത്ഥി ജീവിതത്തിൽ മറ്റുള്ളവർക്ക് സാന്ത്വനമാകാൻ കിട്ടിയ ഇത്തരം അവസരങ്ങൾ ഏറെ വിലമതിക്കപ്പെടുന്നതാണെന്ന് വിദ്യാർഥികൾ വിലയിരുത്തുന്നു. ക്യാമ്പിൽ നേരിട്ട് കണ്ട ദുരനുഭവങ്ങൾ കുട്ടികളുടെ ജീവിത വീക്ഷണത്തെ മാറ്റിമറിക്കുന്നതായിരുന്നു.



*വയനാട്ടിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് യാത്രതിരിക്കുന്ന ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ സംഘം*



*ശാന്തിഗിരി വിദ്യാഭവനിൽ 3 വർഷമായി നടക്കുന്ന സൂപ്പർ ചൈൽഡ് ഡെവലെപ്മെന്റ് പ്രോഗ്രാം പരിശീലകൻ ദിലീപ് ജി യെ വി.എസ് ശബരീനാഥൻ എം.എൽ.എ. ആദരിക്കുന്നു*



*പാലക്കാട് ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കുന്ന സ്വാമി മധുശ്രീ ജ്ഞാനതപസ്വിയും സംഘവും*

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി




MARUTI SUZUKI ARENA

SOUTH PARK



SOUTHPARK MARUTI

N.H. Bypass Road, Chackai, Anayara P.O.
Thiruvananthapuram 695029

Phone : 0471-3050000, Mob: 9544040001

